ഉത്തരം.

(എ) ഉണ്ട്; ഐ. പി. എം. എസ്സ്. ആഫീസിനു് പുതിയ കെട്ടിടം ഉണ്ടാക്കുന്നതുവരെ മാറ്റി സ്ഥാപിക്കേണ്ടെന്നു തീരുമാനിച്ചു.

(ബി) കൂടുതൽ ക്ലാസ്സുകൾ നടത്തുന്നതിനു് പുതിയ കെട്ടിടം സ്കൂൾ കമ്മിറ്റിക്കാർ കെട്ടേണ്ടതാണു്. അതിനുവേണ്ടി ഐ. പി. എം. എസ്സ്. ആഫീസിനു് ഉപയോഗിക്കുന്ന മുറികൾ ഒഴിഞ്ഞുകൊടുക്കുവാൻ നിവൃത്തിയില്ല.

ടൈംസ്കെയിൽ അനുസരിച്ചുള്ള വെയിറേജു്.

274. [38] ശ്രീ. കെ. ടി. തോമസ്സു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വിഭാഗത്തു് സംയോജനത്തിനു മുമ്പും, പിമ്പും, ക്ലാർക്കന്മാരുടെ അടിസ്ഥാനശമ്പളസ്കെയിൽ 30–75 ആയിരുന്നപ്പോൾ തിരുവിതാംകൂറിൽ അതു് 25–30 ആയിരുന്നുവോ;

(ബി) എങ്കിൽ പുതിയ ടൈംസ്കെയിൽ അനുസരിച്ചു് വെയിറേജു് നിശ്ചയിക്കുന്നതിനു് തിരുവിതാംകൂർ വിഭാഗത്തെ 25 രൂപയ്ക്കു് മേലുള്ള സപ്ലീസു് (ക്ലെറിക്കൽ) കണക്കാക്കേണ്ടതല്ലെ?

ഉത്തരം.

(എ) ആയിരുന്നു;

(ബി) ഈ കാര്യം പേകമ്മീഷന്റെ പരിഗണനയ്ക്കു് വിധേയമാക്കിയിട്ടുണ്ടു്. അവരുടെ ശുപാർശകൾ പരിശോധിച്ചു് വേണ്ട ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണു്.

ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ നിയമനം.

275. [39] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ 1954–55 എന്നീ വർഷങ്ങളിൽ ഫാറസ്റ്റർ, ഗാർഡു്, വാച്ചർ ജോലികൾക്കായി പബ്ലിക്കു് സപ്ലീസു് കമ്മിഷൻ എത്രപേരെ അഡ്വൈസു് ചെയ്തിട്ടുണ്ടു്;

(ബി) അതിൽ എത്രപേരെ നിയമിക്കാതിരുന്നിട്ടുണ്ടു്; അതിനുള്ള കാരണമെന്തു്; അവരുടെ ജാതിതിരിച്ചുള്ള പേരുവിവരം?

ഉത്തരം.

(എ) ഫാറസ്റ്റർ 13.
ഗാർഡു് 81.
വാച്ചർ ഒന്നുമില്ല.

(ബി) ഗാർഡുകളായി നിയമിക്കാൻ അഡ്വൈസു് തന്നതിൽ എല്ലാപേരെയും നിയമിച്ചു. എന്നാൽ നിയമപ്രകാരമുള്ള പൊക്കവും, വണ്ണവും ഇല്ലെന്നുള്ള കാരണത്താൽ രണ്ടുപേരെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടില്ല. അവരുടെ പേരു് താഴെ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly